കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെളിയനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.12/5/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.9/1/2017
ഫോൺ 0477-2252753
ഇമെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിയനാട് ഗ്രാമപഞ്ചായത്ത്- 2015 - 16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-7, 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി /പി-12-5/2017 തീയതി, 9/1/2017

## ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമ പഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ്13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.01.2015 മുതൽ 24.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 26.12.2016മുതൽ 03.01.2017 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദീപ.കെ.ഗോപാൽ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.വി.രാജശ്രീ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.ബി.സുനിൽ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1<br>2<br>3. | ശ്രീമതി.ഓമന അനിൽകുമാർ<br>ശ്രീ.എം.പി.സജീവ്<br>അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.04.2015മുതൽ 31.10.2015 വരെ<br>19.11.2015മുതൽ 31.03.2016 വരെ<br>1.1.2015 മുതൽ 18.11.2015 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1<br>2 | ശ്രീ.കെ.സജീവ്<br>ശ്രീ.സന്തോഷ് മാത്യു | 01.04.2015മുതൽ 29.02.2016വരെ<br>01.03.2016മുതൽ 22.03.2016 വരെ |

| | | |
|---|---|---|
| 3 | ശ്രീമതി.ജെ.രാജശ്രീ (ഹെഡ്ക്ലാർക്ക്)ഇൻചാർജ് | 23.03.2016 മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എം.വി.മനോജ്<br>ശ്രീമതി.വൽസമ്മ പുലിക്കുട് | 01.04.2015 മുതൽ 31.10.2015വരെ<br>19.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസന കാര്യം | ശ്രീമതി.ബിന്ദു ശ്രീകുമാർ<br>ശ്രീ.ഔസേപ്പച്ചൻ ഔസേഫ് | 01.04.2015 മുതൽ 31.10.2015വരെ<br>12..11.2015മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.രഘുരാജകുമാർ.<br>ശ്രീമതി.ശോഭനകുമാരി | 01.04.2015 മുതൽ 31.10.2015വരെ<br>12.11.2015 മുതൽ 31.03.2016വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസ കാര്യം | ശ്രീമതി.ബെറ്റി സിബിച്ചൻ<br>ശ്രീ.കെ.മോഹൻലാൽ | 01.04.2015 മുതൽ 31.10.2015വരെ<br>12.11.2015 മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ബാബുജോൺ | 01.04.2015മുതൽ31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.കെ.ആർ.ജയ | 01.04.2015മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന സലിം<br>ശ്രീമതി.ബി.പ്രസന്നകുമാരി<br>ശ്രീമതി.എസ്.മോനിഷ | 01.04.2015മുതൽ 15.06.2015വരെ<br>16.06.2015മുതൽ 27.12.2015വരെ<br>28.12.2015മുതൽ 31.03.2016വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോ.എസ്. അനിൽകുമാർ<br>ഡോ.സ്മിത സബാസ്റ്റ്യൻ | 01.04.2015മുതൽ 15.12.2015വരെ<br>16.12.2015 മുതൽ31.03.2016വരെ |
| 5 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.ഇ.ഡബ്ല്യു.മഗ്ദലീൻ | 01.04.2015മുതൽ 31.03.2016വരെ |
| 6 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രജിമോൾ.ടി. | 01.04.2015 മുതൽ 31.03.2016<br>വരെ |
| 7 | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ് | ശ്രീമതി.എസ്.ജയലക്ഷ്മി | 01.04.2015 മുതൽ 31.03.2016<br>വരെ |
| 8 | അസിസ്റ്റന്റ്<br>എൻജിനീയർ | ശ്രീമതി.സ്നേഹബാബു<br>ശ്രീമതി.ഇന്ദുശ്രീ.ഐ.ബി | 01.04.2015 മുതൽ 07.6.2015വരെ<br>8.06.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.ബി.ബിജു | 01.04.2015മുതൽ 31.03.2016വരെ |
| 10 | മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.പി.ഡി. ജയേഷ് കുമാർ<br>ഡോ.കെ.എസ്.വിഷ്ണു<br>നമ്പൂതിരി | 01.04.2015മുതൽ 16.08.2015വരെ<br>17.08.2015 മുതൽ31.03.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to<br>1-11 |
| | ഭാഗം 2 | |
| 2 | വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ റസിഡൻഷ്യൽ രീതിയിൽ നികുതി അസ്സസ്സ് ചെയ്തതു മൂലം പഞ്ചായത്തിന് വരവ് നഷ്ടം | 2-1 |
| 3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി-പുതിയ നിരക്കിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 4 | തൊഴിൽ നികുതി, ഡി&ഓ ലൈസൻസ് - പിരിവ് കാര്യക്ഷമമല്ല | 2-3 |
| 5 | പഞ്ചായത്തിലെ ട്രില്ലറുകളുടേയും, ഉപയോഗശൂന്യമായ ഫർണ്ണീച്ചറുകളുടേയും ലേലം-കമ്മറ്റി തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച | 2-4 |
| 6 | പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സ് കൃത്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-5 |
| | ഭാഗം 3 | |
| 7 | ആർ.ഒ.പ്ലാന്റ് നിർമ്മാണം | 3-1 |
| 8 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് അനുവദനീയ നിരക്കിലും ഉയർന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകി | 3-2 |
| 9 | ഹൈസ്കൂൾ ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 10 | സിയുജി സിം ആക്റ്റിവേഷൻ | 3-4 |
| 11 | തെരുവ് വിളക്ക് വൈദ്യുത ചാർജ്- ഓർഡിനറി ബൾബുകളും ട്യൂബ് സെറ്റുകളും തദ്ദേശ സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന തുകയുടെ ഭൂരിഭാഗവും അപഹരിക്കുന്നു | 3-5 |
| 12 | നെൽവിത്ത് വിതരണം--തുക ക്യാഷായി നല്കി | 3-6 |

| | | |
|---|---|---|
| 13 | പഞ്ചായത്ത് വിഹിതം നൽകിയില്ല – ആശ്രയ പദ്ധതി ഭക്ഷണവിതരണത്തിൽ മാത്രം ഒതുങ്ങുന്നു | 3-7 |
| 14 | ടോട്ടൽ സാനിറ്റേഷൻ അക്കൌണ്ടിൽ ലക്ഷങ്ങൾ ബാലൻസ് നില്ക്കുന്നു.നിർമൽപുരസ്കാരം നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 3-8 |
| 15 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ | 3-9 |
| 16 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 3-10 |
| 17 | പുത്തൻകുളം മുതൽ കമലാലയം വരെ റോഡ് ഗ്രാവലിംഗ് - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 18 | മീഡിയ ശ്രീ പദ്ധതി - ഡോക്യുമെന്ററി ലഭ്യമാക്കിയിട്ടില്ല - | 3-12 |
| 19 | ഭവനനിർമ്മാണം – ആനുകൂല്യം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല | 3-13 |
| | ഭാഗം 4 | |
| 20 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 73092768 | 70202500 |
| വാർഷിക കണക്ക് പ്രകാരം | 32673694 | 26161051 |

2015-16 വർഷത്തെ അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വരവിൽ 40419074/-രൂപയുടേയും ചെലവിൽ 44041449/-രൂപയുടേയും വ്യത്യാസം കാണുന്നു.

ദീർഘ വീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കത്തതിന്റെ പ്രതിഫലനമാണിത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 29/7/2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15151318 |
| വരവ് | 17522376 |
| ആകെ | 32673694 |
| ചെലവ് | 26161051 |
| നീക്കിയിരിപ്പ് | 6512643 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് | ടി.സി. ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2+3+5) | ചെലവ് | ടി.സി. ചെയ്ത് നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം | 2477729 | 4942192 | 5440322 | 0 | 7419921 | 6401351 | -- | 1018570 | 0 |
| എസ്.സി.പി. | 3259689 | | 4901189 | 984821 | 4244510 | 1495321 | 2749189 | - | 0 |
| ടി.എസ്.പി. | -- | -- | -- | -- | -- | -- | -- | -- | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 127515 | -- | 1358000 | 986392 | 1113907 | 1113907 | -- | -- | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1485374 | -- | 2320000 | 714215 | 2199589 | 2199589 | -- | -- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1709349 | -- | 5266340 | 3940890 | 5650239 | 3481029 | 2169210 | -- | 0 |
| പെർഫോമൻസ് ഗ്രാന്റ് | 23793 | -- | 23793 | 23739 | 47586 | 23793 | 23793 | -- | 0 |
| എ.എൻ.ആർ. ഇ. ജി.എസ്. | -- | -- | -- | 13205990 | 13205990 | 13191249 | -- | -- | 14741 |
| ബി ഫണ്ട് | 0 | 0 | -- | 12695050 | 12695050 | 12695050 | 0 | 0 | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 134 | 26632997 | 95 | 14626597 | 7 | 32 | 70.89 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 84.08%ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1292807 | 1402327 | 109520 | 8.47% |
| നികുതിയേതര വരവുകൾ | 215816 | 1290139 | 1074323 | 497.80% |
| മറ്റ് വരവുകൾ | 182904 | 421355 | 238451 | 130.37% |
| ആകെ | 1691527 | 3113821 | 1422294 | 84.08% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 155400 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 7122900 | 947 |
| വിധവാപെൻഷൻ | 2552480 | 274 |
| വാർദ്ധക്യകാലപെൻഷൻ | 1225530 | 288 |
| വികലാംഗപെൻഷൻ | 1285020 | 129 |
| വിവാഹധനസഹായം | 0 | |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 144720 | 18 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11684/- രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സംബന്ധിച്ച് അപാകതകളുള്ളതായി കാണുന്നു. പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സ് കൃത്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രധാന തനതു വരുമാനമായ കെട്ടിട നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ , അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല (സഞ്ചയ സോഫ്റ്റ് വെയറും കൃത്യമായ രീതിയിൽ തയ്യാറാക്കിയിട്ടില്ല). തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആഭ്യന്തര ഭരണ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.16 to16.12.16 | 10/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.02.16 to 15.3.16 | 2010-11 to2014-15 | 10.05.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ റസിഡൻഷ്യൽ രീതിയിൽ നികുതി അസ്സസ്സ് ചെയ്തതു മൂലം പഞ്ചായത്തിന് വരവ് നഷ്ടം

ഡി.ആന്റ് ഒ ലൈസൻസ് അപേക്ഷ പ്രകാരം വിവിധ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പഞ്ചായത്തിന്റെ അസ്സസ്സ്മെന്റ് രേഖകളുമായി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ താമസസൗകര്യ നിരക്കിലാണ് (8 രൂപ/$m^2$) അസ്സസ്സ് ചെയ്തിരിക്കുന്നത് എന്ന് കാണുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ നികുതി | ഉപയാഗം (ഡി.ആന്റ് ഒ ലൈസൻസ് അപേക്ഷ പ്രകാരം) | ഈടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|
| I/238 A | 55$m^2$ | 416 | പൂക്കട | 2200/- @40 | 1784/- |
| V/54 | 40$m^2$ | 202 | ട്രാവൽ ഓഫീസ് | 2240/- @50 | 1910 |
| II/396 B | 56$m^2$ | 330 | ഫാം ഹൌസ് (കന്നുകാലി വളർത്തൽ) | 13200/- @40 | 12870 |
| V/153A | 40$m^2$ | 236 | ബയോഗ്യാസ് ഉപകരണങ്ങൾ,മറ്റ് ഉപകരണങ്ങളുടെ വില്പന | 1600/- | 1364/- |

മേഖലയുടെ അടിസ്ഥാനത്തിലുള്ള കൂടുതൽ / കുറവുകൾ വരുത്തുമ്പോൾ നികുതിയിൽ ഏറ്റക്കുറച്ചിലുകൾ വരുന്നതാണ്.ലൈസൻസ് അപേക്ഷകളിൽ ഏതാനും എണ്ണം മാത്രം പരിശോധിച്ചതിന്റെ വിവരമാണ് പരാമർശിച്ചിട്ടുള്ളത്.വിശദമായി പരിശോധിച്ച് പഞ്ചായത്തിന് കൂടുതൽ നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതാണ്. അപാകത സംബന്ധിച്ച് വിശദീകരണവും നലകേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി-പുതിയ നിരക്കിൽ നികുതി ഈടാക്കുന്നില്ല

സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ തീയതി 14.01.2011പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയാണ് വസ്തുനികുതിയായി നിശ്ചയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലുള്ള മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഈടാക്കിയ വസ്തു നികുതിയുടെ വിവരം എന്നിവ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/27.12.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിലവിൽ രണ്ട് ടവറുകളുള്ളതായും, ടവറുകളിൽ നിന്നും പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ സ്ഥല വിസ്തീർണ്ണം കണക്കിലെടുത്ത് നിയമ പ്രകാരമുള്ള വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി, ഡി&ഓ ലൈസൻസ് - പിരിവ് കാര്യക്ഷമമല്ല

2015-16 വർഷത്തെ പഞ്ചായത്തിലെ കച്ചവടക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, ഡി&ഓ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നികുതി പിരിവിൽ വലിയ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ.

ഡി&ഓ ലൈസൻസ്

ഡിമാന്റ് ചെയ്തിരിക്കുന്നത് 51500/- രൂ. കളക്ഷനായി ലഭിച്ചിരിക്കുന്നത് 11805/- രൂ മാത്രമാണ്. (22.92%) കുടിശികയായി നിൽക്കുന്നത് 39695/- രൂ. (77.07%)

കച്ചവടക്കാരിൽ നിന്നുള്ള തൊഴിൽ നികുതി,

ഡിമാന്റ് തുക 91330/- രൂപ (കുടിശ്ശികയുൾപ്പെടെ) കളക്ഷൻ തുക 66540/- രൂപ. (72.85%) 24970/-രൂപ കുടിശികയായി നിൽക്കുന്നു. (27.15%)

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

വെളിയനാട് സിഎച്ച്സി യിൽ ജോലി ചെയ്യുന്ന ശ്രീമതി. എസ്സ്. ജയലക്ഷ്മിയുടെ 2015-16 ലെ ഒന്നാം അർദ്ധവാർഷിക വരുമാനം 125375/- രൂപയെന്നാണ് പത്രികയിൽ കാണിച്ചിരിക്കുന്നത്. ഇതു പ്രകാരം 1250/- രൂപയാണ് ടിയാളിൽ നിന്നും തൊഴിൽ നികുതിയായി ഈടാക്കേണ്ടത്. എന്നാൽ 1000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഈയിനത്തിൽ കുറവ് വന്ന 250/- രൂപ ടിയാളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 9 ന് നൽകിയ മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 പഞ്ചായത്തിലെ ടില്ലറുകളുടേയും, ഉപയോഗശൂന്യമായ ഫർണ്ണീച്ചറുകളുടേയും ലേലം-കമ്മറ്റി തീരുമാനം നടപ്പാക്കുന്നതിൽ വീഴ്ച

പഞ്ചായത്തിലെ രണ്ട് ടില്ലറുകളും, ഉപയോഗശൂന്യമായ കസേര, മേശ, തുടങ്ങിയ ഫർണ്ണീച്ചറുകളും ലേലം ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തിയും, ടില്ലറുകൾ ലേലം ചെയ്ത് കരാർ വ്യവസ്ഥയിൽ പാടശേഖര സമിതികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് സെക്രട്ടറിയേയും ചുമതലപ്പെടുത്തി 10-08-2015 ലെ ജനറൽ കമ്മറ്റി തീരുമാനം എടുത്തിരുന്നു. [3(17), 5നം. തീരുമാനങ്ങൾ]. ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3 തീയതി: 27-12-2016) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ നിന്നും പ്രസ്തുത വിഷയത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 പഞ്ചായത്ത് ജനറൽ കമ്മിറ്റി മിനിട്ട്സ് കൃത്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പരിശോധനയ്ക്ക് ഹാജരാക്കിയ ജനറൽ കമ്മിറ്റി മിനിട്ട്സ് ബുക്കുകൾ പരിശോധിച്ചതിൽ 24.12.14 ൽ തുടങ്ങിയ പുതിയ മിനിട്ട്സ് ബുക്കിൽ ജീവനക്കാരുടെ 16.8.14 വരെയുള്ള ഔദ്യോഗിക യാത്രകളുടെ വിവരം രേഖപ്പെടുത്തിയ ശേഷം പേജ് 3 ന്റെ പകുതി മുതൽ 9 വരെയുള്ള പേജുകൾ ശൂന്യമായിട്ടിരിക്കുന്നു. മിനിട്ട്സ് ക്ലോസ്സ് ചെയ്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13.2.15 ലെ തീരുമാനം 2(3) ന ശേഷം പേജ് 52 മുതൽ 57 വരെയുള്ള പേജുകൾ ,12.3.15 ലെ തീരുമാനം 4(2) ന ശേഷം പേജ് 69 മുതൽ 74 വരെയുള്ള പേജുകൾ , 28.3.15 ലെ കമ്മറ്റി മിനിട്ട്സിന ശേഷം പേജ് 80മുതൽ 88വരെയുള്ള പേജുകൾ മിനിട്ട്സ് ക്ലോസ്സ് ചെയ്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10.6.15 ലെ കമ്മറ്റിയിലെ തീരുമാനം 5(1) രേഖപ്പെടുത്താതെ സ്ഥലം ശൂന്യമായിട്ടിരിക്കുന്നു.

4.7.15 ലെ കമ്മറ്റി മിനിട്ട്സിന ശേഷം പേജ് 157മുതൽ 300വരെയുള്ള പേജുകൾ ശൂന്യമായി വിട്ട ശേഷം 31.7.15 മുതലുള്ള കമ്മറ്റി മിനിട്ട്സ് മറ്റൊരു ബുക്കിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്തിലെ ഏറ്റവും സുപ്രധാന രേഖയായ മിനിട്ട്സ് ബുക്ക് ഇത്തരത്തിൽ അലക്ഷ്യമായ രീതിയിൽ കൈകാര്യം

ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മിനിട്ട്സ് ബുക്ക് കൃത്യമായ രീതിയിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആർ.ഒ.പ്ലാന്റ് നിർമ്മാണം

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വെളിയനാട് ഗ്രാമപഞ്ചായത്തിൽ 5 ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ജില്ലാപഞ്ചായത്തിൽ നിന്നും 17.7.12 ൽ 25,00,000/-രൂപയും പങ്കാളിത്ത അധിഷ്ഠിത ജലപരിപാലനം പദ്ധതിയുടെ ഭാഗമായി 5 ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 16.8.12 ൽ 13,80,000/-രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി ആർ.ഒ.പ്ലാന്റുകളുടെ മെയിന്റനൻസിനായി 4,00,000/- രൂപയും അനുവദിച്ചിരുന്നു.

കുട്ടനാട് പാക്കേജിലെ 5 ആർ.ഒ.പ്ലാന്റുകളും നിലവിൽ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയതായും സി.എച്ച്.സി കോമ്പൌണ്ടിലെ പ്ലാന്റിന് മെയിന്റനൻസ് നടത്തേണ്ടതിനാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നും സെക്രട്ടറി അറിയിച്ചു.25 ലക്ഷം രൂപ അനുവദിച്ചതിൽ 18,68,550/- രൂപ ചെലവഴിക്കുകയും 5,50,000/- രൂപ ലെയ്സൺ ഓഫീസർ കുട്ടനാട് പാക്കേജിന് തിരിച്ചടയ്ക്കുകയും ചെയ്തു.

മെയിന്റനൻസിനായി ലഭ്യമായ 4,00,000/- രൂപയിൽ ഒരു ചെലവും നാളിതുവരെ നടന്നിട്ടില്ല എന്ന കാരണത്താൽ പ്രോജക്ട് ഡയറക്ടറുടെ 29.4.15 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് ഡയറക്ടറുടെ അക്കൌണ്ടിലേക്ക് 1.6.15 ൽ 4,00,000/- രൂപയും തിരിച്ചടച്ചു.(ചെക്ക് നം.039528 /29.5.15 )പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കാലതാമസം വന്ന വിവരം യഥാസമയം റിപ്പോർട്ട് ചെയ്യാതെ മെയിന്റനൻസിനുള്ള തുക തിരിച്ചടച്ചതിനാൽ തുടർന്നു വരുന്ന മെയിന്റനൻസിന് ചെലവ് എപ്രകാരം നടത്തുമെന്നതിൽ വ്യക്തതയില്ല. നിലവിൽ പ്രവർത്തനരഹിതമായ സി.എച്ച്.സി കോമ്പൌണ്ടിലെ പ്ലാന്റിന്റെ മെയിന്റനൻസിനും ഫണ്ട് കണ്ടെത്താൻ സാധിക്കാതെ പഞ്ചായത്ത് അധികൃതർ ബുദ്ധിമുട്ടുന്നു.ലക്ഷങ്ങൾ ചെലവഴിച്ച കുടിവെള്ള സ്രോതസ്സുകൾ വൈകാതെ നിഷ്ക്രിയമായി മാറാതെ തുടർനടപടി സ്വീകരിക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പങ്കാളിത്ത അധിഷ്ഠിത ജലപരിപാലനം പദ്ധതിയുടെ ഭാഗമായുള്ള ആർ.ഒ.പ്ലാന്റുകൾ 5 എണ്ണവും സ്ഥാപിച്ചെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാകാത്തതിനാൽ പ്രവർത്തനക്ഷമമായിട്ടില്ല. ഈ പദ്ധതിയിൽ സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം പ്ലാന്റിന് ഷെഡ് സ്ഥാപിച്ചു നല്കിയത് തദ്ദേശ സ്ഥാപനമാണ്.15-16 ൽ ആർ.ഒ.പ്ലാന്റ് നിർമ്മാണ ഏജൻസിയായ "എട്രി " എന്ന സ്ഥാപനത്തിന് (അശോക ട്രസ്റ്റ് ഫോർ റിസർച്ച് ഇൻ ഇക്കോളജി & എൻവയോൺമെന്റ് ) 6,90,000/- രൂപ (ചെക്ക് നം.124573/23.9.15) അനുവദിച്ചിട്ടുണ്ട്.ഓഡിറ്റ് പിരീഡിൽ ഈ അക്കൌണ്ടിൽ 5,00,209/- രൂപ ബാലൻസ് ശേഷിക്കുന്നു.എട്രി ഏജൻസിക്ക് തുടർന്ന് നല്കാനുള്ള തുകയും കുട്ടനാട് പാക്കേജിലെ 25,00,000/-രൂപയുടെ ചെലവും തിരിച്ചടവും കഴിച്ചുള്ള ബാക്കി 81450/-രൂപയും പലിശയും ചേർന്നുള്ള തുകയാണ് ഇത്.

5ആർ.ഒ.പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമായ സാഹചര്യത്തിലും(ഒരെണ്ണം അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.) 5 എണ്ണം വൈകാതെ പ്രവർത്തനസജ്ജമാകുമെന്നത് കണക്കിലെടുക്കുമ്പോഴും ജനകീയാസൂത്രണ പദ്ധതി പ്രകാരം വി.ഇ.ഒ,സെക്രട്ടറി എന്നിവർ കാലാകാലങ്ങളായി നടപ്പാക്കി വരുന്ന ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി പ്രകാരവും പൊതുടാപ്പുകളുടെ എണ്ണത്തിൽ ആനുപാതിക കുറവു വരേണ്ടതാണ്. എന്നാൽ 208 ടാപ്പുകളുടെ വാട്ടർ ചാർജ് പ്രതിമാസം 91000/-രൂപ വീതം നിലവിലും അടവാക്കുന്നു.സംയുക്ത പരിശോധന അടിയന്തിരമായി നടത്തി കൂടുതൽ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

### 3-2 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അനുവദനീയ നിരക്കിലും ഉയർന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകി

പ്രോജക്ട് നമ്പർ :SO27/16

അടങ്കൽ :1,80,000 (സി.എഫ്.സി.90,000/- ബ്ലോക്ക്

വിഹിതം 45,000/- ജില്ലാ പഞ്ചായത്ത് വിഹിതം 45,000/- )

ചെലവ് - 90,000/-സി.എഫ്.സി.ബിൽ നമ്പർ :008/15-16തീയതി.18.3.16
ചെക്ക് നമ്പർ :2537738/22.3.16 – 90,000/-ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതം

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതിലുൾപ്പെടുത്തി സ്കോളർഷിപ്പ് നൽകിയ ഐശ്വര്യ, മുരുക്കുവേലിയിൽ എന്ന ഗുണഭോക്താവിന് ജി.ഒ. (എം.എസ്) 362/13 തീ.16.11.13 ഖണ്ഡിക 5.8 (എ) പ്രകാരം ശാരീരിക വൈകല്യമുള്ളവർക്ക് അനുവദിക്കാവുന്ന നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് സ്കോളർഷിപ്പ് നൽകിയത്. + 1 ന് പഠിക്കുന്ന ഗുണഭോക്താവിന് അനുവദിക്കാവുന്ന പ്രതിമാസ സ്കോളർഷിപ്പ് 600രൂപയും വാർഷിക ബത്ത 800രൂപയുമാണ്. ഇതിൻ പ്രകാരം അനുവദിക്കാവുന്ന സ്കോളർഷിപ്പ് 8000 (12x600+800)രൂപയാണ്. എന്നാൽ ടിയാൾക്ക് 10130രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുക വഴി 2130രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അധികം അനുവദിച്ച 2130രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഹൈസ്കൂൾ ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - ഗുണഭോക്താക്കളുടെ അർഹതാരേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ : SO127/16

അടങ്കൽ :1,68,000 വികസനഫണ്ട് (എസ്.സി.പി.)

ചെലവ് :1,48,000 രൂപ ,

ബിൽ നമ്പർ :6-15/16 തീയതി 24.8.15

നിർവ്വഹണം :വി.ഇ.ഒ.

പ്രോജക്ടിലുൾപ്പെടുത്തി 37 സ്റ്റീൽ ടേബിളുകളും കസേരകളും സിഡ്കോയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എ. ഗുണഭോക്താക്കളുടെ അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലന്നുള്ള സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല

ബി.1.ധീരജ് കുമാർ,s/o സലീം കുമാർ 2.പ്രവീണ.എഫ്,d/0 ഫ്രെഞ്ചി 3.അഖിൽ ജയകുമാർ s/o ജയൻ 4വിജയ് ഓമനകുട്ടൻ s/o ഓമനകുട്ടൻ 5.ആരോമൽ.പി.സന്തോഷ് s/oസന്തോഷ് കുമാർ 6.അഞ്ജലി അനിൽകുമാർ d/o അനിൽകുമാർ 7.വേണി വേണുഗോപാൽ d/o വേണുഗോപാൽ 8.സ്വരാജ്.കെ.എസ്.s/o സുകുമാരൻ 9.അർച്ചന ആനന്ദൻ d/o ആനന്ദൻ 10.അദ്വൈത് കെ.s/oസൌധം കൃഷ്ണകുമാർ 11.സാംജിത്ത് എസ്.s/o സന്തോഷ് പി.ബി. 12. അഭിജിത്ത് റ്റി.കെ.s/oകുഞ്ഞുകുഞ്ഞ് എന്നീ വിദ്യാർത്ഥികളുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

സി. ഗുണഭോക്താക്കൾ ഏത് ക്ലാസ്സിൽ പഠിക്കുന്നുവെന്ന് വിശദമാക്കുന്ന സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 10/28.12.16 നൽകിയതിന് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെന്നാണ്. എന്നാൽ ഓഡിറ്റ് അവസാനിക്കുന്ന ദിവസം വരെ രേഖകൾ ലഭ്യമാക്കാത്തതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 1,48,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 സിയുജി സിം ആക്ടിവേഷൻ

പഞ്ചായത്ത് പ്രസിഡന്റ് ഉപയോഗിക്കുന്ന 9496043636 നമ്പർ സിയുജി സിം (Closed User Group Sim) ആക്ടിവേറ്റ് ചെയ്യുന്നതിനായി വൌച്ചർ നം. 588/05-01-2016 പ്രകാരം 1447/- രൂപ ബി.എസ്സ്.എൻ.എല്ലിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നു. പുതിയ സിം കാർഡുകൾ ബി.എസ്സ്.എൻ.എൽ. സൌജന്യമായാണ് നൽകി വരുന്നത്. സിം ആക്ടിവേഷൻ ചാർജ്ജ് ഈടാക്കാറില്ല. പഞ്ചായത്ത് സിം കാർഡിന് ആക്ടിവേഷൻ ചാർജ്ജ് നൽകാനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (15) ന് മറുപടിയിൽ പറഞ്ഞിരിക്കുന്നത് പഞ്ചായത്തിന് സിയുജി സ്കീം പ്രകാരം ലഭ്യമായ സിം മുൻ ഭരണസമിതിയിലെ ആദ്യ പ്രസിഡന്റ് ഉപയോഗിച്ചിരുന്നത് എന്നാൽ പിന്നീട് പ്രസിഡന്റായി വന്ന ശ്രീമതി. ഓമന അനിൽകുമാർ സിം ഉപയോഗിച്ചിരുന്നില്ല. അതിനു ശേഷം വന്ന പുതിയ ഭരണസമിതിയുടെ പ്രസിഡന്റ് സിം ആവശ്യപ്പെട്ടതിനാൽ സിം നൽകിയെന്നുമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ സിം ഉപയോഗിക്കാതിരുന്നതിനാൽ അത് പ്രവർത്തന

രഹിതമായിരുന്നു. ഉപയോഗിക്കാതിരുന്ന കാലയളവിൽ സിം സറണ്ടർ ചെയ്യാതിരുന്നതിനാൽ ആ കാലയളവിലെ വാടകയും, സർവ്വീസ് ചാർജ്ജും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടി വന്നത്. എന്നാൽ ബിഎസ്സ്എൻഎൽ നിന്നും ലഭിച്ച ബില്ലിൽ എന്ത് ആവശ്യത്തിനാണ് തുക ഈടാക്കിയതെന്ന് വ്യക്തമല്ല. തുക തടസ്സപ്പെടുത്തുന്നു.

## 3-5 തെരുവ് വിളക്ക് വൈദ്യുത ചാർജ്- ഓർഡിനറി ബൾബുകളും ട്യൂബ് സെറ്റുകളും തദ്ദേശ സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്ന തുകയുടെ ഭൂരിഭാഗവും അപഹരിക്കുന്നു

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജിന്റെ താരിഫ് റിവിഷൻ സംബന്ധിച്ച കെ.എസ്.ഇ.ബി യുടെ കത്ത് പ്രകാരം 60w ന്റെ 134 ഓർഡിനറി ബൾബുകളും, 40w ന്റെ 2 ഓർഡിനറി ബൾബുകളും ഡബിൾ ട്യൂബ് സെറ്റ് 80w ന്റെ 33എണ്ണവും ,40w ന്റെ സിംഗിൾ ട്യൂബ് സെറ്റ് 11എണ്ണവും ഇപ്പോഴും ഉപയോഗിക്കുന്നതായി രേഖപ്പെടുത്തി ചാർജ് ഈടാക്കുന്നുണ്ട്.

താരിഫ് കാർഡ് പ്രകാരം സി.എഫ്.എൽ ബൾബിന് 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് പ്രതിമാസം വളരെ കുറഞ്ഞ ചാർജ് ഈടാക്കുമ്പോൾ ഓർഡിനറി ബൾബുകൾക്ക് പവറിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നതിന് ഉയർന്ന നിരക്കാണ് ഒടുക്കേണ്ടി വരുന്നത്.വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈറ്റിന്റെ തരം | പവർ | എണ്ണം | റേറ്റ്--12 hr-ഒരെണ്ണം/ മാസം | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 60w | 134 | 94 | 12596 |
| -ടി- | 40w | 2 | 61 | 122 |
| ട്യൂബ് (ഡബിൾ) | 80w | 33 | 124 | 4092 |
| ട്യൂബ് (സിങ്കിൾ) | 40w | 11 | 61 | 671 |
| ആകെ | | 180 | | 17481 |

2015-16 ൽ 136 ബൾബുകളും മാറ്റി സി.എഫ്.എൽ ആക്കുകയും കേടായവ മാറ്റിയതും ഉൾപ്പെടെ പരിഗണിച്ച് 10678/- രൂപ കുറയ്ക്കാൻ 4.2.16 ൽ കെ.എസ്.ഇ.ബി.യ്ക്ക് സെക്രട്ടറി കത്ത് നല്കിയെങ്കിലും തുക കുറച്ചിട്ടില്ല.പ്രതിമാസം 22355/- രൂപ പ്രകാരം ഈ ഇനത്തിൽ വാർഷിക ചെലവ് 2,68,260/-രൂപയാണ്.

ഓർഡിനറി ബൾബുകളുടെയും ട്യൂബ് സെറ്റുകളുടേയും ഉപഭോഗം പരമാവധി കുറച്ച് ആ സ്ഥാനത്ത് സി.എഫ്.എൽ, എൽ.ഇ.ഡി ലാമ്പുകളാക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് ചെലവ് പരമാവധി കുറയ്ക്കാൻ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ ഉപയോഗിക്കാവുന്നതരം വിളക്കുകൾക്കേ വൈദ്യുതി ചാർജ് അടവാക്കുന്നുള്ളൂവെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-6 നെൽവിത്ത് വിതരണം--തുക ക്യാഷായി നല്കി.

8,00,000/- ബിൽ നം.2/15-16 dt.29.2.16

2015-16 ൽ കെ.എസ്.എസ്.ഡി.എ തൃശ്ശൂർ ൽ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ സബ്സിഡി തുക 2,17,800/- രൂപ കളർകോട് കളക്ഷൻ സെന്ററിൽ നല്കിയതായി സ്ഥാപനത്തിന്റെ രസീത് പ്രകാരം കാണുന്നു. പ്രൊഡക്ഷൻ ഇൻസന്റീവ് തുക 2,00,000/-ഉൾപ്പെടെ 4,17,800/- രൂപ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ നിന്നും ചെക്ക് നം.9588189 /22.3.16 പ്രകാരം പിൻവലിച്ചെങ്കിലും 2,17,800/- രൂപ സ്ഥാപനത്തിന് എപ്രകാരം നല്കിയെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് കൃഷി വകുപ്പിന്റെ തന്നെ സ്ഥാപനമായതിനാൽ

ക്യാഷായി നൽകി എന്നാണ് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയത്. ജി.ഒ.പി 177/2006 ധനം.12.4.2006 ഉത്തരവിൽ 1000/- രൂപയിൽ കൂടുതലുള്ള തുകയുടെ ചെലവുകൾ ചെക്ക് / ഡിഡി ആയി മാത്രം നല്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിപരീതവും ക്രമവിരുദ്ധവുമാണ് ചെലവ് തുക ക്യാഷായി വിതരണം നടത്തിയത്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് വിഹിതം നൽകിയില്ല – ആശ്രയ പദ്ധതി ഭക്ഷണവിതരണത്തിൽ മാത്രം ഒതുങ്ങുന്നു.

12ാംപദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8 പ്രകാരം വികസനഫണ്ടിൽ നിന്നുള്ള നിർബന്ധ വകയിരുത്തലായാണ് ആശ്രയപദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് എല്ലാവർഷവും ആശ്രയക്ക് പദ്ധതി തയാറാക്കി അംഗീകാരം വാങ്ങാറുണ്ട്. 2015-16ൽ ഒരുലക്ഷം രൂപ അടങ്കലിൽ പദ്ധതിക്ക് അംഗീകാരം വാങ്ങിയിരുന്നുവെങ്കിലും തുക സി.ഡി.എസിന് നൽകിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം 24/31.12.16 നൽകിയതിനുള്ള മറുപടിയിൽ 14-15വർഷത്തിൽ നൽകിയ 1,00,000 രൂപ ചെലവഴിക്കാതെ സി.ഡി.എസ് അക്കൌണ്ടിൽ നിക്ഷേപിച്ചതിനാലാണ് 15-16 ൽ തുക നൽകാതിരുന്നതെന്നാണ്. 2014-15ൽ നല്കിയ തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം ഈ തുക പലിശ ഉൾപ്പെടെ ജി.ഒ.(പി) 177/2006,ധനം,12.4.2006 ഉത്തരവിലെ 10.3ലെ നിർദേശപ്രകാരം സഞ്ചിതനിധിയിൽ തിരിച്ചടച്ച് ചലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂരഹിത ഭവനരഹിതയായവർ ഇപ്പോഴും അവശേഷിക്കുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് സി.ഡി.എസ് ചെയർപേഴ്സണ് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/31.12.16ന് ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ഭൂരഹിതരായ 3 പേരും ഭവനരഹിതരായ 7 പേരും അവശേഷിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂരഹിത ഭവനരഹിതയായവർ ഉണ്ടായിരുന്നുവെങ്കിൽ അവർക്ക് പഞ്ചായത്തിന്റെ മറ്റേതെങ്കിലും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളിൽ ഉൾപ്പെടുത്തി ഭൂമിയോ വീടോ നൽകിയോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 24/31.12.16 നൽകിയതിനുള്ള മറുപടിയിൽ ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട മഹിളാമണി, പുഷ്പമംഗലം എന്നയാൾക്ക് 13-14 ൽ ഭവനനിർമ്മമാണത്തിനും വിജി,കോലടിത്തറ എന്നായാൾക്ക് 15-16 ൽ ഭൂമിയും വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടിലുൾപ്പെടുത്തി നൽകിയിട്ടുണ്ടെന്നാണ്. കൂടാതെ വിജി,കോലടിത്തറ എന്ന ആശ്രയ ഗുണഭോക്താവ് 16-17ൽ ഭവനനിർമ്മമാണത്തിനുള്ള ആനുകൂല്യം നൽകുന്നതിനായി കരാർ വെച്ചിട്ടുണ്ടെന്നുമാണ്.

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷണവിതരണം. ഭൂമി, വീട്, കക്കൂസ്, കിണർ, പഠനോപകരണങ്ങൾ എന്നിവ നൽകാവുന്നനതാണ്. ഗ്രാമ,ജില്ലാപഞ്ചായത്തുകളുടെ വിഹിതം ഇതിനായി ഉപയോഗിക്കാവുന്നനതാണ്. എന്നാൽ ഗ്രാമ ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഇവ അവഗണിക്കപ്പെടുകയാണ്. ആശ്രയ പദ്ധതി ഭക്ഷണവിതരണത്തിൽ മാത്രമായി ഒതുങ്ങുന്നു. ആശ്രയ പദ്ധതിക്ക് ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയിരുത്തിയിരുന്നുവെങ്കിൽ ഇത് വാങ്ങിയെടുക്കുന്നതിന് പ്രത്യേക ശ്രമിക്കേണ്ടതാണ്.ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിത ഭവനരഹിതരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ടോട്ടൽ സാനിറ്റേഷൻ അക്കൌണ്ടിൽ ലക്ഷങ്ങൾ ബാലൻസ് നില്ക്കുന്നു - നിർമൽപുരസ്കാരം നാളിതുവരെ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ടോട്ടൽ സാനിറ്റേഷൻ അക്കൌണ്ടിൽ 2009-10 ൽ ലഭ്യമായ നിർമൽ പുരസ്കാര തുക 5,00,000/- രൂപയിൽ 2,51,207/-രൂപ ഉൾപ്പെടെ ബാലൻസ് തുക 5,48,586/- രൂപ ശേഷിക്കുന്നു. നിർമൽ പുരസ്കാര തുക ഒഴികെയുള്ള ബാലൻസ് തുക നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ 2015-16 ൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ കാണുന്നു.

വിശദവിവരം -

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ ആവശ്യമായ വിവരങ്ങളൊന്നും

ചേർക്കാതെ ഒപ്പ് മാത്രമുള്ള ബ്ലാങ്ക് കരാറുകളാണ് ഭൂരിഭാഗം ഫയലുകളിലും സൂക്ഷിച്ചിട്ടുള്ളത്.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകൾ, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) ഒടുക്കേണ്ട നികുതികൾ,ക്ഷേമനിധി വിഹിതം എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.21/31.12.2016) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ അപാകങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം - 1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ടിയാനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തിയുടെ പേര് - മൂന്ന് അംഗൻവാടികളുടെ വൈദ്യുതീകരണം.

പ്രോജക്ട് നം. - 146/15

കരാറുകാരൻ - എൻ.വിഷ്ണു നമ്പൂതിരി

പി.എ.സി - 126000/-

ഡി.ഡി നം. 917056/12.12.15 – 102803/-

5.02.2015 ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ ഇല്ലാതെ കരാർ ചമയ്ക്കേണ്ട അവസാന തീയതി - 19.02.2015

കരാർ ചമച്ച തീയതി - 28.02.2015

പിഴ - 1% = 126000/- X 1% = 1260/- രൂപ.

പിഴ ഈടാക്കിയ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/31.12.2016) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക 1260/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-11 പുത്തൻകുളം മുതൽ കമലാലയം വരെ റോഡ് ഗ്രാവലിംഗ് - പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. : 49/2016

അളവ് പുസ്തകം : 53/14-15

അടങ്കൽ തുക : 200000/-

ബിൽ നം. : 54/31.3.2016 – 95517/-

ഗ്രാമ പഞ്ചായത്ത് നാലാം വാർഡിൽ പുത്തൻകുളം മുതൽ കമലാലയം വരെ റോഡ് ഗ്രാവലിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വണത്തിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റ് റേറ്റ്) ശ്രീ. കെ.സന്തോഷ് എന്ന കരാറുകാരനുമായി 26.8.2015 ൽ കരാർ ചമയ്ക്കുകയും അന്നു തന്നെ സ്ഥലം കൈമാറുകയും ചെയ്തിരുന്നു.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം 26.3.2016 ലെ പാർട്ട് ബില്ലിൽ കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ മൂല്യം 106130/- രൂപ കണക്കാക്കി നികുതികളും, റീടെൻഷൻ തുകയും കുറച്ച് 89150/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. തുടർന്ന് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ തുക നൽകിയതായി കാണുന്നില്ല. കരാറുകാരനും നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ചിട്ടുള്ള കരാറിൽ യാതൊരു വിവരങ്ങളും രേഖപ്പെടുത്താതെ ബ്ലാങ്കായിട്ടിരിക്കുന്നു. കരാറിൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി സംബന്ധിച്ച വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും സാധ്യമല്ലാതാകുന്നു. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം ഓഡിറ്റിൽ അറിയിക്കുവാനും, നിയമ പ്രകാരം കരാർ ചമയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/31.12.2016) അസി.എഞ്ചിനിയർ ഹാജരാക്കിയ മറുപടിയിൽ പ്രവൃത്തി 2017 ജനവരി 30 നുമുമ്പ് പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം യഥാസമയം അറിയിക്കേണ്ടതാണ്.

## **3-12** മീഡിയ ശ്രീ പദ്ധതി - ഡോക്യുമെന്ററി ലഭ്യമാക്കിയിട്ടില്ല

കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയ ശ്രീ പദ്ധതിയിൽ വെളിയനാട് ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനായി സ.ഉ.(സാധാ.)നം 3206/2014/ ത.സ്വ.ഭ.വ തീയതി 05-12-2014പ്രകാരം 65,000/- രൂപ ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ, കുടുംബശ്രീ മിഷന്റെ പേരിൽ (ബിൽ.നം: 1/15-16 തീയതി 16-07-2015) നൽകിയിട്ടുണ്ട്. തുക കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ ഡോക്യുമെന്ററിയുടെ 10 പകർപ്പുകൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ഡോക്യുമെന്ററിയുടെ പകർപ്പുകൾ നാളിതുവരെ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യക്കുവാനുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/31.12.2016) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ഡോക്യുമെന്ററിയുടെ പകർപ്പുകൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയത് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡോക്യുമെന്ററി ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-13** ഭവനനിർമ്മാണം – ആനുകൂല്യം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നിർവ്വഹിച്ച ഭവനനിർമ്മാണം പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ ച്ചുവടെ ചേർക്കുന്നവ്വ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 14/28.12.16 നൽകിയതിന് നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ട് രണ്ട് പ്രാവിശ്യം നോട്ടീസ് നൽകിയിരുന്നുവെങ്കിലും നിർമ്മാണം പൂർത്തീകരിച്ചില്ലെന്നാണ് മറുപടി നൽകിയത്.

1.SO128/16(ജനറൽ) പ്രോജക്ടിൽ കുഞ്ഞുമോൻ,മുന്നീറ്റിൻകളം 14-15 ൽ 20,000/- രൂപയും 15-16ൽ 1,60,000രൂപയും കൈപ്പറ്റിയിട്ടുണ്ട്. (ഡി.ഡി. നമ്പർ 989281 – 20,000/- 989289/29.6.15 – 60,000/- 917345/21.1.16 – 60,000/- 917658/28.3.16 – 40,000/-

2.SOO125/16(എസ്.സി.) സ്പിൽ ഓവർ പ്രോജക്ടിൽ സുരേന്ദ്രൻ, കോളനി നം.27, മനാകരി 14-15 ൽ 1,42,500 രൂപയും 15-16 ൽ 40,000/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. (927161/13.3.14 – 22,500/- 927955/2.5.14 – 60,000/- 989272/17.12.14 60,000/- 989291/25.8.15 – 40,000/-
നിർമ്മാണം പൂർത്തികരിക്കാത്തതിനാൽ ഇവർക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** വാർഷിക കണക്ക് പരിശോധന - അപാകതകൾ

(1) തൊഴിൽ രഹിത വേതനമിനത്തിലുള്ള ചെലവ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുമായി പൊരുത്തപ്പെടുന്നില്ല.

(2) ഡി & ഒ ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ, പഞ്ചായത്തിലെ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

(3) റോഡ്, നോൺറോഡ് വിഭാഗത്തിലുള്ള ചെലവ് തുകകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

(4) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(5) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീ:26.07.2011) നടപ്പാക്കിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനങ്ങൾ | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 2015-16 | 45000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 45000 | -- |
| 2. | വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 45000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 45000 | -- |
| 3. | ഐസിഡിഎസ്സ് | 2015-16 | 154951 | അനുപൂരക പോഷകാഹാരം | 154951 | -- |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം. 994/2010ത.സ്വ.ഭ.വ, 24.3..2010 | 3545750 | 635100 | 635100 | -- | -- |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 392575/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട്/ വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം. തീയതി. |
|---|---|---|---|---|
| 1997-98<br>1999-00 | 38,55,58<br>21 | 4853 | കെ.സി.ജോസ് (ആർ.ആർ നടപടി) | 11503400019/<br>09-09-15 |
| | | 4853 | -ടി- | 11503400014/<br>24-07-15 |
| | | 33491 | -ടി- | 11503400011/<br>09-06-15 |
| | | 33491 | -ടി- | 11503400013/<br>15-06-15 |
| | | 4853 | -ടി- | 11503400010/<br>15-06-15 |
| | | 33491 | -ടി- | 11503400008/<br>12-05-15 |
| | | 4853 | -ടി- | 11503400007/<br>12-05-15 |
| 1999-00 | 21 | 45000 | തോമസ് കോര (ആർ.ആർ നടപടി) | 11503400006/<br>12-05-15 |
| | | 33405 | -ടി- | 11503400005/<br>12-05-15 |
| | | 45000 | -ടി- | 11503400004/ |

| | | | | |
|---|---|---|---|---|
| | | | | 12-05-15 |
| 1997-98<br>1999-00 | 38,55,58<br>21 | 33491 | കെ.സി.ജോസ്, (ആർ.ആർ നടപടി) | 11503400003/<br>20-04-15 |
| | | 4853 | -ടി- | 11503400002/<br>20-04-15 |
| | | 33491 | -ടി- | 11503400020/<br>25-08-15 |
| 2005-06 | 3-5,3-6,<br>3-8 | 77450 | രമണൻ പിള്ള,<br>(ആർ.ആർ നടപടി) | 11502900015/<br>03-03-16 |
| ആകെ | | 392575 | | |

4-8. <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്/വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 32,57 | 2001-02 | | വ്യാജരേഖകൾ ചമച്ച് പൊതുമരാമത്ത് പണി ചെയ്തു. | സെക്രട്ടറിയിൽ നിന്ന് ആർ.ആർ. നടപടികൾ നടത്തി വരുന്നു. |
| 1997-98 | 58 | 2002-03 | | പട്ടികജാതി കുടുംബങ്ങൾക്ക് സിഎഫ്എൽ | ശ്രീ. ശിവൻകുട്ടി, സെക്രട്ടറി തുക ഒടുക്കിയിട്ടുണ്ട്. |
| 1999-00 | 21-26 | 2003-04 | | മരാമത്ത് പണി, രേഖകൾ ഹാജരാക്കിയില്ല.<br>കമ്പ്യൂട്ടർ പഠനം രേഖകൾ ഹാജരാക്കിയില്ല. | ആർ.ആർ. നടപടികൾ സ്വീകരിച്ചു. |
| 2000-01 | 2-8 | 2005-06 | | ധനവിനിയോഗ രേഖകൾ കൃത്യമാക്കാതെ പണം പിൻവലിച്ചു. | ആർ.ആർ. നടപടികൾ സ്വീകരിച്ചു. |

4-9. <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 17522376 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 26161051 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3390 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 214447 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 250 | | കെ. സജീവ്, സെക്രട്ടറി |
| 3-2 | | 2130 | എസ്.മോനിഷ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-10 | | 1260 | സ്നേഹാ ബാബു, അസി.എഞ്ചിനിയർ |
| ആകെ | | 3390 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 148000 | എം.ബി.ബിജു, വി.ഇ.ഒ |
| 3-4 | 1447 | കെ.സജീവ്, സെക്രട്ടറി |
| 3-12 | 65000 | കെ.സജീവ്, സെക്രട്ടറി |
| ആകെ | 214447 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.സജീവ്,സെക്രട്ടറി | ലഭ്യമല്ല | കല്ലുപ്പറമ്പിൽ, കുറിച്ചി .പി.ഒ, കോട്ടയം. |
| സ്നേഹ ബാബു, അസി.എഞ്ചിനീയർ | ലഭ്യമല്ല | അഷ്ടപദി, L-33, ലൈൻ-ബി എൽ.ഐ.സി.റോഡ്, പട്ടം പാലസ് പി.ഒ, |

| | | |
|---|---|---|
| | | തിരുവനന്തപുരം |
| എം.ബി.ബിജു,വി.ഇ.ഒ | വി.ഇ.ഒ,വെളിയനാട് ഗ്രാമപഞ്ചായത്ത് | മാമ്പള്ളിൽ,<br>രാമങ്കരി.പി.ഒ,<br>രാമങ്കരി |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 (ചെലവ്) | എൽഎഫ്എ-14/1398/03 തീയതി 04-11-03/10-12-03 |
| 2000-01 (വരവ്) | എൽഎഫ്എ-പി3/1004/11, തീയതി03-04-12/12-04-12 |
| 2001-02(വരവ്) | എൽഎഫ്എ-പി3/1005/11, തീയതി 03-04-12/12-04-12 |
| 2002-03 | എൽഎഫ്എ-പി3/1006/11,തീയതി 03-04-12/12-04-12 |
| 2003-04 | എൽഎഫ്എ-പി3/1007/11,തീയതി 03-04-12/10-05-12 |
| 2004-05 | എൽഎഫ്എ-പി3/1008/11,തീയതി 13-04-12/13-06-12 |
| 2005-06 | എൽഎഫ്എ-പി3/1009/11,തീയതി 13-04-12/13-06-12 |
| 2008-09 | എൽഎഫ്എ-പി3/1012/11,തീയതി 16-04-12/13-06-12 |
| 2009-10 | എൽഎഫ്എ-പി3/1013/11,തീയതി 16-04-12/13-06-12 |
| 2010-11<br>2011-12<br>2012-13 | എൽഎഫ്എ-പി10/1573/13,തീയതി 26-04-14/15-07-14 |
| 2013-14, 14-15 | കെ.എസ്.എ-എ.എൽ.പി-പി.10-1455/2015/16.11.15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി12-5/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്,ആലപ്പുഴ.
തീയതി.9/1/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 4-1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P12-5/2017

Kerala State Audit Department,

District Audit Office,Alappuzha.

Date: 9/1/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Veliyanad Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Veliyanad Gramapanchayat for the year 2015-16 except the observations in part 4-1 of the audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha